എത്തിയോപ്പിയ ഒരു കമ്യൂണിസ്റ്റ് രാഷ്ട്രമായതോടെ ഗൾഫിന്റെ കരയിൽ സോവിയററ് യൂണിയനു ഗണ്യമായ നാവിക സൗകര്യങ്ങൾ ലഭിച്ചുകഴിഞ്ഞിരിക്കുന്നു.

ഇറാനും ഇറാക്കും തമ്മിലുള്ള സംഘട്ടനം ആയിരിക്കുമോ മൂന്നാം ലോകയുദ്ധമായി വളരുക?

ആയിക്കൂടെന്നില്ല.

ആവാതിരിക്കട്ടെ!

(2 ഒക്ടോബർ, 1984)

# 10. ചൈന

മുപ്പതു വർഷങ്ങളോളമായി ജനകീയചൈനയെ അധിക്ഷേപിക്കുക ജീവിതവ്രതമാക്കിയിരുന്ന അമേരിക്കൻ പ്രസിഡണ്ട് റൊണാൾഡ് റെയ്ഗൻ 1984 ഏപ്രിൽ അവസാനവാരത്തിൽ ചൈനയിലൊരു പര്യടനം നടത്തുകയുണ്ടായി. റഷ്യയ്ക്കെതിരെ യൂറോപ്യൻ രാജ്യങ്ങളിൽ അണു–ആയുധങ്ങൾ ഘടിപ്പിച്ച മിസ്സൈലുകൾ വിന്യസിക്കുകവഴി അമേരിക്ക ലോകസംഘർഷത്തിനു പരമാവധി പിരിമുറുക്കം കൂട്ടിയിരിക്കുകയാണല്ലോ. നയതന്ത്രതലത്തിലും, വേണ്ടിവന്നാൽ യുദ്ധതന്ത്രതലത്തിലും, റഷ്യയെ ചെറുക്കുന്നതിനു ചൈനയെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നു പരിശോധിക്കുകയായിരുന്നു റെയ്ഗന്റെ പര്യടനത്തിന്റെ ഒരു ലക്ഷ്യം. ചൈനയുടെ നേതാക്കളും റെയ്ഗനും തമ്മിൽ നടന്ന ചർച്ചകളുടെ വിശദവിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ, ഈ ലക്ഷ്യം നേടുന്നതിൽ റെയ്ഗൻ എത്രമാത്രം വിജയിച്ചു എന്നു പറയുക അസാദ്ധ്യമാണ്. എങ്കിലും, ചൈനയ്ക്കു ഗണ്യമായ തോതിൽ എഫ്–16 യുദ്ധവിമാനങ്ങൾ അടക്കമുള്ള ആയുധങ്ങൾ നൽകാനും, അണുവൈദ്യുതിനിർമ്മാണം സംബന്ധിച്ച അത്യാധുനിക സങ്കേതങ്ങൾ ചൈനയ്ക്കു കൈമാറാനും അമേരിക്ക തയ്യാറായിട്ടുള്ളതായി റിപ്പോർട്ടുകളുണ്ട്. ലോകത്തിൽ ഏററവും വലിയ അണുവൈദ്യുതിനിർമാണസംരംഭമാണ് ചൈനയിൽ നടക്കുന്നത്. പന്ത്രണ്ടു കൂററൻ വൈദ്യുതോല്പാദനനിലയങ്ങൾ സ്ഥാപിക്കാൻ ചൈന ഉദ്ദേശിക്കുന്നു. ഈ പ്രയത്നത്തിൽ സഹായം നേടുന്നതിന് 1982 അവസാനത്തിൽ ചൈന പടിഞ്ഞാറൻ ജർമനിയെ സമീപിച്ചിരുന്നു. ജർമനി പക്ഷേ, മടിച്ചുനിൽക്കുകയായിരുന്നു. മററു രാജ്യങ്ങളെ (പാകിസ്ഥാൻ ആണ് മുഖ്യമായും ഉദ്ദിഷ്ടം) അണുബോംബുകൾ ഉണ്ടാക്കാൻ സഹായിക്കുകയില്ലെന്ന പ്രതിജ്ഞപോലും വാങ്ങാതെ, അണുവൈദ്യുതിനിലയത്തിനു വേണ്ട യന്ത്രങ്ങളും സാങ്കേതികവിദ്യയും ചൈനയ്ക്കു നല്കാൻ ഇപ്പോൾ അമേരിക്ക തയ്യാറായിട്ടുള്ള സ്ഥിതിക്ക്, പടിഞ്ഞാറൻജർമനിയും ആദായകരമായ ഈ ഇടപാടിൽ ഇനി താല്പര്യം പ്രദർശിപ്പിക്കാതിരിക്കുകയില്ല. അണുവൈദ്യുത നിലയങ്ങളെ അണുബോംബ് നിർമാണനിലയങ്ങളാക്കി മാററുക പ്രയാസമുള്ള കാര്യമല്ല. ഇപ്പോൾത്തന്നെ ആയിരത്തോളം അണുബോംബുകൾ ചൈനയുടെ കൈവശമുള്ളതായി പറയപ്പെടുന്നു. റഷ്യയുടെ സൈന്യബലത്തിലും ആയുധബലത്തിലും ഒരുഭാഗം ചൈനീസ് അതിർത്തിയിൽ കേന്ദ്രീകരിക്കപ്പെടാൻ ഇടവരുത്തുകയും തത്ഫലമായി യൂറോപ്പിനെതിരെ റഷ്യയുടെ സൈനികസജ്ജീകരണത്തെ താരതമ്യേന ദുർബലപ്പെടുത്തുകയും എന്ന ലക്ഷ്യമാ

മാണ് അണുശക്തിവികസനത്തിനു ചൈനയെ സഹായിക്കുന്നതിലൂടെ അമേരിക്ക നേടാൻ ഉദ്ദേശിക്കുന്നതു്.

റെയ്ഗൻ ചൈനയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കേ, ചൈന അമേരിക്കയിൽനിന്നു മൂന്നു ലക്ഷം ടൺ ഗോതമ്പു വാങ്ങുകയുണ്ടായി. ചൈനയിൽ നൂറുകോടിയിലേറെ ജനങ്ങൾ ഉണ്ട്. ഡെങ്ങ്സ്യാവോപിങ്ങിന്റെ നേതൃത്വത്തിൽ അവിടെ നടപ്പാക്കിവരുന്ന സാമ്പത്തീക പരിഷ്കരണങ്ങളുടെ ഫലമായി എൺപതുകോടി കൃഷിക്കാരുടെ വരുമാനത്തിൽ കഴിഞ്ഞ ഒരാണ്ടിൽത്തന്നെ പതിനഞ്ചു ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ടത്രെ. ചൈന ഇപ്പോഴും ഒരു സമ്പന്നരാജ്യമല്ല. ചൈനയിലെ ചില സംസ്ഥാനങ്ങളിൽ ജനങ്ങളുടെ ശരാശരി വരുമാനം ബംഗ്ലാദേശിലേക്കാൾ കുറവാണെന്നും പറയപ്പെടുന്നു. എന്നാലും നൂറുകോടി ജനങ്ങൾ— ലോകജനതയിൽ ഏതാണ്ടു പകുതി, കച്ചവടക്കണ്ണുള്ള ഏതു രാഷ്ട്രത്തിനാണ് അവരെ അവഗണിക്കാനാവുക? ചൈനയുമായി കച്ചവടത്തിനുള്ള വഴി തുറന്നു കിട്ടുന്നതിനു് അമേരിക്കയിലെ കർഷകരും വ്യവസായപ്രമുഖരും ഒരുപോലെ തല്പരരാണ്. ഇപ്പോൾ ചൈനയുടെ വിദേശവ്യാപാരത്തിൽ വലിയ ഒരു ഭാഗം കൈയടക്കിയിട്ടുള്ളതു് ജപ്പാൻ ആകുന്നു. ജപ്പാനു തൊട്ടുതാഴെയാണ് യൂറോപ്യൻ രാജ്യങ്ങൾ. അതിലും താഴെയാണ് അമേരിക്ക. റെയ്ഗന്റെ സന്ദർശനത്തെത്തുടർന്നു വ്യാപാരബന്ധങ്ങൾ കൂടുതൽ സുഖകരങ്ങളാകുന്നതോടെ, അമേരിക്ക ചൈനയുടെ ഒന്നാമത്തെ വ്യാപാരപ്പങ്കാളി ആയിക്കൂടെന്നില്ല

വ്യവസായങ്ങളെ ആധുനീകരിക്കുകയെന്നതു് ചൈനയുടെ ഒരു ദേശീയ ലക്ഷ്യമാണ്. ചൈനയിൽ വ്യവസായശാലകൾ സ്ഥാപിച്ചു നടത്തി ലാഭമുണ്ടാക്കാൻ വിദേശക്കമ്പനികളെ അനുവദിച്ചുതുടങ്ങിയിട്ടുണ്ട്. ആകർഷകമായ വ്യവസ്ഥകൾ ഈ വിദേശീയ മൂലധനനിക്ഷേപകർക്കു നൽകുന്നുമുണ്ട്. വിദേശസഹായത്തോടെ സ്വന്തം എണ്ണവ്യവസായം നവീകരിച്ചു വിപുലമാക്കുവാൻ ചൈന ഉദ്ദേശിക്കുന്നു. വേറെയും പല വ്യവസായങ്ങളിലും വിദേശീയ മൂലധനപങ്കാളിത്തത്തിനു ജനകീയ ചൈന ഇപ്പോൾ സന്നദ്ധമാണ്. സ്വാഭാവികമായും അയൽരാജ്യമായ ജപ്പാനു് പ്രമുഖമായ ഒരു ഭൂമിക ഈ രംഗത്തിൽ നിർവ്വഹിക്കാനുണ്ടാവും. അമേരിക്കൻ വ്യവസായികൾ രണ്ടുംകല്പിച്ചു് ചൈനയിൽ വ്യവസായങ്ങൾ ആരംഭിക്കുന്നപക്ഷം, ഏതാനും ദശാബ്ദങ്ങൾക്കുള്ളിൽ ചൈന ഏഷ്യയിലെ ഏററവും വലിയ ഒരു വ്യവസായരാഷ്ട്രമായി മാറിക്കൂടെന്നില്ല. തിരുപ്പവംവരെ ചൈനയുടെ ഭാഗമായിരുന്ന തൈവാനിൽ ഏറെക്കുറെ ഇതാണല്ലോ സംഭവിച്ചതു്.

ജനകീയചൈനയെ റഷ്യൻചേരിയിൽനിന്നു് അടർത്തിയെടുത്തു് അമേരിക്കൻചേരിയിലേക്കു നയിക്കുന്നതിൽ മററാരേക്കാളും മുന്നിട്ടുനിന്നു പ്രവർത്തിച്ച മുൻ അമേരിക്കൻ പ്രസിഡണ്ട് നിക്സൺ പറയുന്നു:

'1972—ൽ മാവോസിഡോങ്ങും ചൗ എൻലായിയുമായി ഞാൻ നടത്തിയ സംഭാഷണങ്ങളിൽ സാമ്പത്തികപ്രശ്നങ്ങളെ സ്പർശിക്കുകയേ ഉണ്ടായില്ല. ചൈനീസ്—അമേരിക്കൻ ബന്ധത്തെ പ്രസിഡണ്ട് റെയ്ഗനും ചൈനയുടെ പുതിയ നേതാക്കളും ഇനിമേൽ തിരിച്ചുവിടേണ്ടതു് സാമ്പത്തികപ്രശ്നങ്ങളിലേക്കാണ്. അമേരിക്കയും ചൈനയും സാമ്പത്തികമായി ബന്ധപ്പെട്ടിരിക്കുകയെന്നതു സ്വാഭാവികമാകുന്നു. വികസിച്ചുവരുന്ന ഒരു രാഷ്ട്രമാണ് ചൈന. കൃഷിയിലും സങ്കേതവിദ്യയിലുമുള്ള വികസനമാണ് ചൈനയുടെ അടിയന്തിരാവശ്യം. ഈ രണ്ടു മേഖലകളിലും ചൈനയെ ഏററവും കൂടുതൽ സഹായിക്കുവാൻ അമേരിക്കയ്ക്കു കഴിയും. ഇപ്പോൾത്തന്നെ റഷ്യയുമായുള്ള അമേരിക്കയുടെ കച്ചവടത്തിന്റെ ഇരട്ടിയാണ് ചൈനയുമായുള്ള അമേരിക്കയുടെ കച്ചവടം. അടുത്ത വർഷങ്ങ

ളിൽ ഇതു് എത്രയോ അധികമാകാവുന്നതേയുള്ളൂ.' (ന്യൂസ്‌വീക്ക്, ഏപ്രിൽ 30)

അമേരിക്കയും ജനകീയചൈനയും തമ്മിലുള്ള സംഘർഷത്തിന്റെ മുഖ്യകാരണം തൈവാനു് അമേരിക്ക നൽകിവന്ന കലവറയില്ലാത്ത പിൻതുണയാണു്. തൈവാനിൽ അമേരിക്ക വലിയതോതിൽ മൂലധനം മുടക്കിയിട്ടുണ്ടു്. അതിനാൽ പെട്ടെന്നു് അമേരിക്ക തൈവാനെ കൈവിടുകയെന്ന പ്രശ്നമില്ല. എങ്കിലും, ഒരൊററ ചൈനയേ ഉള്ളൂ എന്നും, തൈവാൻ ചൈനയുടെ ഒരു ഭാഗം മാത്രമാണെന്നും, തൈവാനും ജനകീയചൈനയും തമ്മിലുള്ള പ്രശ്നങ്ങരം അവർ പരസ്പരം പറഞ്ഞു തീർക്കേണ്ടതാണെന്നും, ആക്രമണാവശ്യങ്ങരംക്കുള്ള ആയുധങ്ങരം അമേരിക്ക തൈവാനു നൽകില്ലെന്നും അമേരിക്ക ഔദ്യോഗികമായി അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടു്.

റഷ്യയ്ക്കെതിരെയുള്ള സമരത്തിൽ അമേരിക്ക തങ്ങളെ കരുക്കളാക്കുവാൻ ചൈനക്കാർ അനുവദിക്കുമെന്നു കരുതിക്കൂടാ. ചൈനയിൽവെച്ചു ടെലിവിഷനിലൂടെ ചൈനീസ്ജനതയോടു് റെയ്ഗൻ ചെയ്ത പ്രസംഗത്തിലെ റഷ്യയ്ക്കെതിരായ ഖണ്ഡികകരം ചൈനീസ് അധികാരികരം പ്രക്ഷേപണംചെയ്യുകയുണ്ടായില്ല. ഈ കത്രികപ്രയോഗത്തിനെതിരെ അമേരിക്കയുടെ പ്രതിഷേധം നിഷ്ഫലമായതേയുള്ളൂ. സോവിയററ് യൂണിയനുമായുള്ള ബന്ധങ്ങരം സാധാരണനിലയിലേക്കു കൊണ്ടുവരാനാണു് ഇപ്പോഴത്തെ ചൈനീസ് നേതാക്കരം ശ്രമിക്കുന്നതു്. 1950–കളിൽ ചൈന സോവിയററ് റഷ്യയെ അതിരുകടന്നു് ആശ്രയിച്ചു. 1970–കളിലാകട്ടെ, റഷ്യയ്ക്കെതിരെ അമേരിക്കയെ ആശ്രയിക്കുമ്പോഴും ചൈന അതിരുകടന്നുപോയി. ഈ രണ്ടു 'ചായ്‌വു'കളും വിട്ടു്, അമേരിക്കയുടെയും റഷ്യയുടെയും മദ്ധ്യത്തിൽ, സ്വതന്ത്രമായ ഒരു നിലപാടു് സ്വീകരിക്കുകയാണു് ഇപ്പോഴത്തെ ചൈനീസ് നേതാക്കളുടെ ലക്ഷ്യം. ആശയസംഹിത (ഐഡിയോളജി) അല്ല, പ്രായോഗികതാല്പര്യങ്ങളാണു രാഷ്ട്രങ്ങരം തമ്മിലുള്ള ബന്ധത്തെ നിർണയിക്കുന്നതു്. മററുള്ളവരുടെ ചൂതുകളിയിൽ കരുക്കളായി മാറാൻ ഒരു രാഷ്ട്രവും ആഗ്രഹിക്കുകയില്ല. ചൈന തീർച്ചയായും അതിനു് ആഗ്രഹിക്കുന്നില്ല.

മാവോസിദോങ്ങിന്റെ മരണത്തിനുശേഷം ചൈനീസ് സമൂഹത്തിൽ അഗാധമായ ഒരു പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കുകയാണു്. 'മുതലാളിത്തപ്പാതക്കാരൻ' എന്നു് മാവോ അധിക്ഷേപിക്കുകയും, മൂന്നുതവണ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയിലെ അധികാരസ്ഥാനങ്ങളിൽനിന്നു പുറംതള്ളുകയും ചെയ്ത ഡെങ്സ്യാവോപിങ് ആണു് ഈ പരിവർത്തനത്തിനു നേതൃത്വം നൽകുന്നതു്. സർക്കാർതലത്തിൽ സ്റ്റേററ് മിലിട്ടറി കമ്മീഷന്റെ ചെയർമാൻ എന്ന പദവിയും പാർട്ടിതലത്തിൽ പോളിററ് ബ്യൂറോവിന്റെ സ്റ്റാൻഡിങ് കമ്മററിയുടെ മെംബർ എന്ന പദവിയും വഹിക്കുന്ന ഈ എൺപതുകാരന്റെ ലക്ഷ്യം, കമ്മ്യൂണിസത്തിന്റെയും മുതലാളിത്തസമ്പ്രദായത്തിലുള്ള ഉത്പാദനപ്രക്രിയയുടെയും ഗുണഫലങ്ങരം ഒത്തിണങ്ങിയ ഒരു ഉപഭോക്തസമൂഹത്തെ ചൈനയിൽ നിലവിൽ വരുത്തുകയാണെന്നു പറയപ്പെടുന്നു. തന്റെ ഉത്തരാധികാരികളായി ഡെങ്സ്യാവോപിങ് തെരഞ്ഞെടുത്തിട്ടുള്ളതു് അറുപത്തൊമ്പതു വയസ്സുള്ള ഹുയാവോബാങ്ങിനെയും അറുപത്തഞ്ചു വയസ്സുള്ള സാവോസിയാങ്ങിനെയുമാകുന്നു. ഇവരിൽ ഹു ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുടെ സെക്രട്ടറിയാണു്. സാവോസിയാങ് ചൈനയിലെ പ്രധാനമന്ത്രിയും.

മാവോസിദോങ്ങിന്റെയും 'നാൽവരുടെ'യും മുരട്ടുതത്ത്വവാദ നടപടികളുടെ ഫലമായി മന്ദീഭവിച്ച കാർഷിക–വ്യാവസായിക ഉത്പാദനം ത്വരിതമായി വർദ്ധിപ്പിച്ചു്, ജനജീവിതം സുഖപൂർണമാക്കുകയാ

ണ് ഡെങ്ങിന്റെ ആധുനീകരണപരിശ്രമങ്ങളുടെ അടിയന്തര ലക്ഷ്യം. ഗ്രാമങ്ങളിൽ കമ്യൂണുകൾ സ്ഥാപിക്കുകവഴി കുടുംബമെന്ന യാഥാസ്ഥിതിക(ഫ്യൂഡൽ) സ്ഥാപനത്തെ തുരങ്കംവെക്കുവാൻ മാവോ ശ്രമിക്കുകയുണ്ടായി. ഇപ്പോൾ ഗ്രാമക്കമ്യൂണുകൾ മിക്കവാറും തിരോഭവിച്ചിരിക്കുന്നു. കുടുംബമെന്ന സ്ഥാപനം പഴയ പദവി വീണ്ടെടുക്കുകയും ചെയ്തിരിക്കുന്നു.

'സോഷ്യലിസ്റ്റോ ക്യാപ്പിററലിസ്റ്റോ അല്ലാത്ത ഒരു സാമ്പത്തിക സംവിധാന'മെന്ന് ഇപ്പോഴത്തെ ചൈനീസ് സാമ്പത്തിക സംവിധാനത്തെ 'ന്യൂയോർക്ക് ടൈംസ്' വിവരിച്ചിട്ടുണ്ട്. കൃഷിയിലും ചെറുകിട വ്യവസായങ്ങളിലും സേവനങ്ങളിലും സ്വകാര്യപ്രവർത്തനം വലിയ തോതിൽ ചൈനയിൽ അനുവദിക്കപ്പെട്ടിരിക്കുന്നു. 1978-നും 1982-നും ഇടയ്ക്ക് ചൈനയിൽ സ്ഥാപിക്കപ്പെട്ട ചില്ലറ വ്യാപാര (റീറെറൽ)ക്കടകളിൽ എഴുപത്തൊമ്പതു ശതമാനവും, സേവന(സർവീസ്)ക്കടകളിൽ എഴുപത്തെട്ടു ശതമാനവും, റെസ്റ്റോറണ്ടുകളിൽ എൺപതു ശതമാനവും സ്വകാര്യയുടമയിലുള്ളവയാണ്. സ്വന്തമായി ബിസിനസ് നടത്തുന്നവർക്ക് വേണമെങ്കിൽ രണ്ടു വേലക്കാരെയും അഞ്ച് അപ്രൻറീസുമാരെയും നിയമിക്കാമെന്ന് 1981–ൽ ചൈനീസ് സർക്കാർ ഒരു കല്പന പുറപ്പെടുവിച്ചു. സ്വകാര്യവ്യവസായികൾക്കു സർക്കാർവക മൊത്തക്കടകളിൽനിന്ന് ആവശ്യമുള്ള അസംസ്കൃതസാധനങ്ങൾ വാങ്ങാം. സർക്കാരിന്റെ വിലനിയന്ത്രണത്തിന് അവർ വിധേയരായിരിക്കുകയും വേണം. അതേസമയം, കൃഷിക്കാരിൽനിന്നു നേരിട്ടു സാധനങ്ങൾ വാങ്ങുന്ന സ്വകാര്യവ്യവസായികൾക്കു വിലനിയന്ത്രണം ബാധകമല്ല. കർഷകർ തങ്ങളുടെ അധികോല്പന്നങ്ങൾ വിററഴിക്കുന്ന നാല്പത്തെണ്ണായിരം ഭക്ഷ്യച്ചന്തകൾ ചൈനയിലുണ്ടത്രെ. ഈ ചന്തകളിൽ കഴിഞ്ഞ ആണ്ടിൽ ഇരുപതിനായിരം കോടി രൂപയോളം വിലവരുന്ന കച്ചവടം നടന്നു. ഇപ്പോൾ ചൈനയിലാകെ എഴുപത്തഞ്ചു ലക്ഷത്തിലധികം വ്യക്തികൾ സ്വകാര്യവ്യവസായങ്ങളിലേർപ്പെട്ടിട്ടുള്ളതായി 'ന്യൂയോർക്ക് ടൈംസി'ലെ ഒരു ലേഖനത്തിൽ കാണുന്നു (ഹിന്ദു, മെയ് 6). ഇവരെ സഹായിക്കാൻ ചൈനീസ് വ്യവസായവാണിജ്യമന്ത്രാലയത്തിൽ ഒരു പ്രത്യേക ബ്യൂറോതന്നെ ഉണ്ട്. ഹോട്ടലുകൾക്കു പുറമെ സൈക്കിൾറിപ്പയർ ഷോപ്പുകൾ, മോട്ടോർ വർക്ക്ഷോപ്പുകൾ മുതലായവയിലും സ്വകാര്യമേഖല വളരുകയാണ്. ഹാർബിൻ നഗരത്തിലെ ഒരു സ്വകാര്യമോട്ടോർ വർക്ക്ഷോപ്പ് ഉടമയായ വാങ് സിബിന്റെ 1983–ലെ വരുമാനം 50,000 രൂപ ആയിരുന്നുവത്രെ.

സ്വകാര്യമേഖലയ്ക്കു പ്രോത്സാഹനം നൽകുന്നതോടൊപ്പം, ചൈനയിൽ ഇപ്പോൾ ലാഭമുണ്ടാക്കുവാൻ പൊതുമേഖലാസ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. വർദ്ധിച്ച ലാഭം അതാതു സ്ഥാപനങ്ങളിൽത്തന്നെ ശമ്പളവർദ്ധന, ബോണസ്, യന്ത്രനവീകരണം മുതലായവയ്ക്കുവേണ്ടി ചെലവഴിക്കുന്നു. സർക്കാർസ്ഥാപനങ്ങളിലെ മാനേജ്മെൻറുകൾക്കു കൂടുതൽ അധികാരങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിലുള്ള നിഷ്കർഷയാണ് മറെറാരു സവിശേഷത. വരുമാനം വർദ്ധിക്കുന്നതോടെ ഉപഭോക്താക്കൾ സാധനങ്ങൾ തെരഞ്ഞെടുത്തു വാങ്ങാൻ തുടങ്ങുന്നു. ചൈനയിൽ 1983-ൽ 14,200 കോടി ഡോളർ (ഒരു ലക്ഷത്തി നാല്പത്തീരായിരം കോടി രൂപ) വിലയുള്ള ചില്ലറ വ്യാപാരം നടന്നുവത്രെ. 1982-ലെ വ്യാപാരത്തെക്കാൾ പത്തര ശതമാനം കൂടുതലായിരുന്നു ഇത്.

കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ തൊഴിലില്ലായ്മ ഉണ്ടാവുക വയ്യ. എങ്കിലും അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ

ചൈനയിലും ഒരു പ്രശ്നമായിട്ടുണ്ട്. തൊഴിൽ കിട്ടാൻ കാത്തിരിക്കുന്ന ചെറുപ്പക്കാരെ നഗരങ്ങളിൽ ധാരാളമായി കാണാമത്രെ. കുററകൃത്യങ്ങളും ആത്മഹത്യകളും, പാശ്ചാത്യരാജ്യങ്ങളിലുള്ളത്ര ഇല്ലെങ്കിലും, ചൈനയിലും വർദ്ധിച്ചുവരികയാണ്.. പാശ്ചാത്യമൂല്യങ്ങളെയും പാശ്ചാത്യഫാഷനുകളെയും യുവജനങ്ങൾ അന്ധമായി സ്വീകരിക്കുന്നതിനെതിരെ ഒരു പ്രസ്ഥാനം അവിടെ ഈയിടെ സംഘടിപ്പിക്കപ്പെടുകയുണ്ടായി. ചൈനയിൽ സ്ത്രീകൾക്കിടയിലും പരക്കെ അസംതൃപ്തിയുള്ളതായി പറയപ്പെടുന്നു. 'ഒരു കുടുംബത്തിൽ ഒരു കുട്ടിമാത്രം' എന്നതു് ഒരു ദേശീയ മുദ്രാവാക്യമായി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഗർഭനിരോധത്തിനും ഗർഭഛിദ്രത്തിനും വ്യാപകങ്ങളായ സൗകര്യങ്ങൾ സർക്കാർ നൽകുന്നുണ്ടെങ്കിലും ജനസംഖ്യാവർദ്ധന ചൈനയിൽ ഇന്നും ഒരു പ്രശ്നംതന്നെയാണ്.

ചൈനയെ ആധുനികീകരിക്കുക; അതേസമയം മഹത്തായ ആ രാഷ്ട്രത്തിന്റെ പ്രാചീന സംസ്കാരവും വ്യതിരിക്തതയും, മാർക്സിസത്തിന്റെ ചട്ടക്കൂടിനുള്ളിൽ, നിലനിർത്തുകയുംചെയ്യുക—ചൈനീസ് നേതാക്കളുടെ മുമ്പിൽ ഇന്നുള്ള വെല്ലുവിളി ഇതാണ്. സോവിയററ്-അമേരിക്കൻ ചേരികൾക്കിടയിൽ അനുദിനം പിരിമുറുകി വരുന്ന സംഘർഷത്തിന്റെയും, അണുയുദ്ധഭീഷണിയുടെയും പശ്ചാത്തലത്തിൽ, ഈ ലക്ഷ്യത്തിലേക്ക് അവർ എങ്ങനെ മുന്നേറുന്നു എന്നതു്, ആധുനികകാലഘട്ടത്തിലെ അത്യന്തം താല്പര്യമുളവാക്കുന്ന മാനുഷികപ്രതിഭാസങ്ങളിലൊന്നാണ്. മനുഷ്യവർഗത്തിൽ പകുതിയുടെയെങ്കിലും ഭാഗധേയം ചൈനയുടെ സമാധാനപരമായ പുരോഗതിയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ, അതിൽ നമുക്കു താത്പര്യമുണ്ടാകാതെ വയ്യ.

(8 മെയ്, 1984)

# 11. ചൈനയിൽ രാമായണം

സംസ്കൃതത്തിൽ വാല്മീകി നിർമിച്ച രാമായണമെന്ന ഇതിഹാസം പൂർണരൂപത്തിൽ ചീനഭാഷയിൽ വിവർത്തനംചെയ്യപ്പെട്ടതായി 1984 നവംബർ 29-ാം തീയതി ചൈനയുടെ തലസ്ഥാനമായ ബൈജിങ് നഗരത്തിൽനിന്നു് പി. ടി. ഐ. റിപ്പോർട്ടു് ചെയ്തിരുന്നു. പ്രൊഫസർ ജിക്സിയാൻഗിൻ എന്ന പണ്ഡിതനാണ് ഏഴു വാല്യങ്ങളിലായി ഈ വിവർത്തനം തയ്യാറാക്കിയിട്ടുള്ളതു്. അദ്ദേഹത്തിന്റെ പത്തു വർഷത്തെ നിരന്തരയത്നത്തിന്റെ ഫലമാണ് ഈ രാമായണവിവർത്തനം.

ചൈന പ്രാചീന ഭാരതത്തിൽനിന്നു് ഉൾക്കൊണ്ടതു് മുഖ്യമായും ബുദ്ധമതമായിരുന്നു. ഫാഹിയാൻ, യുവാൻചാങ്, ഇത്സിങ്, മുതലായ ചൈനീസ് തീർത്ഥയാത്രികർ, ബുദ്ധമതം അതിന്റെ സ്രോതസ്സിൽനിന്നുതന്നെ പഠിക്കാനും, ബൗദ്ധകൃതികളുടെ കൈയെഴുത്തുപ്രതികൾ സമ്പാദിച്ചു ചൈനയിലേക്ക് കൊണ്ടുപോകാനുമായിരുന്നു ഇന്ത്യ സന്ദർശിച്ചതു്. സംസ്കൃതത്തിലുള്ള ബൗദ്ധകൃതികളുടെ വിവർത്തനം ചൈനയിൽ, സംഘടിതരൂപത്തിൽ ഏതാണ്ട് ആയിരം വർഷങ്ങൾ മുമ്പ് ആരംഭിച്ചു. എങ്കിലും മതനിരപേക്ഷമായ ഇന്ത്യൻ സാഹിത്യത്തിലും ഇന്ത്യാചരിത്രത്തിലും ചൈനക്കാർക്ക് താല്പര്യം ഉളവായതു് ഇക്കഴിഞ്ഞ അറുപതോ എഴുപതോ വർഷങ്ങളിൽ മാത്രമാണ്. നോബൽ സമ്മാനം നേടിയ ടാഗോറിന്റെ കൃതികളാണ് ആദ്യമായി ചൈനയി